# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4345** **25.06.2019 ൽ മറുപടിക്ക്**

**സർക്കാർ ക്വാർട്ടേഴ്സുകളുടെ വാടക**

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർവ്വീസിൽനിന്ന് വിരമിച്ചശേഷവും സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവരുടെ പ്രസ്തുത കാലയളവിലെ വാടക എപ്രകാരമാണ് ഈടാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (എ) സർക്കാർ ജീവനക്കാർക്ക് ഫ്ളാറ്റ്, ക്വാർട്ടേഴ്സ് എന്നിവ അനുവദിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള 2006 ലെ ചട്ടങ്ങൾ പ്രകാരം റിട്ടയർ ചെയ്ത അന്നുതന്നെ ക്വാർട്ടേഴ്സ് ഒഴിയേണ്ടതാണ്. ഒഴിവാക്കാൻ പറ്റാത്ത കാരണത്താൽ ക്വാർട്ടേഴ്സിൽ തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ക്വാർട്ടേഴ്സ് അനുവദിക്കുന്ന അധികാരിയിൽ നിന്നും കാലാവധി നീട്ടി വാങ്ങേണ്ടതാണ്. അങ്ങനെ നീട്ടി വാങ്ങുന്ന കാലാവധി പരമാവധി മൂന്ന് മാസം അല്ലെങ്കിൽ നിലവിലെ അദ്ധ്യയന വർഷം തീരുന്നതുവരെ (ഏതാണോ ആദ്യം) അതുവരെ മാത്രമേ അനുവദിക്കുന്ന അധികാരിയുടെ അനുമതിയോടെ താമസിക്കുവാൻ കഴിയുകയുള്ളൂ. ആ കാലയളവിൽ ജീവനക്കാരൻ സ്റ്റാൻഡേർഡ് റെന്റ് മുൻകൂറായി എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് നൽകേണ്ടതാണ്. ഇങ്ങനെ കാലാവധി നീട്ടിവാങ്ങാതെ അനധികൃതമായി താമസിക്കുന്നവരിൽ നിന്നും വാടകയുടെ മൂന്ന് ഇരട്ടി 0216-01-106-99 എന്ന ഹെഡിൽ ചെലാൻ മുഖേന പിഴ വാടകയായി ഈടാക്കാറുള്ളതാണ്. എന്നിട്ടും വാടക നൽകാത്ത പക്ഷം Revised Manual 2012 Rule 30 പ്രകാരം അവർക്കെതിരെ Revenue recovery നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചുനൽകുന്ന അവസരത്തിൽ അവരിൽ നിന്നും മുൻകൂറായി ഈടാക്കുന്ന വാടക, ക്വാർട്ടേഴ്സ് ഒഴിയുന്ന സമയത്ത് തിരിച്ച് നൽകാറുണ്ടോ; | (ബി) | ഉണ്ട്. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ച നൽകുന്ന അവസരത്തിൽ അവരിൽ നിന്നും മുൻകൂറായി ഈടാക്കുന്ന വാടക, ക്വാർട്ടേഴ്സ് ഒഴിയുന്ന സമയത്ത് തിരിച്ച നൽകാറുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച് ക്വാർട്ടേഴ്സ് ഒഴിഞ്ഞ എത്ര പേർക്ക് മുൻകൂർ വാടക തിരികെനൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വിശദമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച് ക്വാർട്ടേഴ്സ് ഒഴിഞ്ഞവരിൽ 25 പേർ അപേക്ഷിക്കുകയും അതിൽ 7 പേർക്ക് വാടക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഇനി 96 പേർ അപേക്ഷ നൽകാനുണ്ട്. |

**സെക്ഷൻ ഓഫീസർ**